ആരംഭിക്കുന്നതിനും കോ-ഓർഡിനേറ്റർമാരെ താത്കാലികമായി നിയമിക്കുന്നതിനും രോഗികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ഫോർമാറ്റ് തയ്യാറാക്കുന്നതിനും കോർപ്പസ് ഫണ്ട് സ്വരൂപിക്കുന്നതിനും അത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) ആദ്യഘട്ടങ്ങളിൽ ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുക.

(ഇ) സിഗരറ്റ് ടാക്സിന്റെ അധിക വരുമാനം, ബിവറേജസ് കോർപ്പറേഷന്റെ ടാക്സിന്റെ ഒരു ശതമാനം, സംഭാവനകൾ എന്നിവ സ്വരൂപിച്ചാണ് ഇതിനായുള്ള ഫണ്ട് സമാഹരിക്കുന്നത്. RSBY, CHIS, CHIS Plus, താലോലം, RBSK ആരോഗ്യകിരണം തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച ശേഷമാകും സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുന്നത്.

(എഫ്) ഇതുവരെയുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) സുകൃതം പദ്ധതിക്കായി ആർ.സി.സി.-ക്ക് 12 കോടി രൂപ, മലബാർ കാൻസർ സെന്ററിന് 5 കോടി രൂപ, അഞ്ച് മെഡിക്കൽ കോളേജുകൾക്ക് 2 കോടി രൂപവീതം, എറണാകുളം ജനറൽ ആശുപത്രിക്ക് 3 കോടി രൂപ എന്നിങ്ങനെ കോർപ്പസ് ഫണ്ടായി നൽകിയിട്ടുണ്ട്. പരമാവധി മൂന്ന് ലക്ഷം രൂപയാണ് ഒരു രോഗിക്ക് ലഭിക്കുന്നത്. മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ ധനസഹായം ആവശ്യമാണെങ്കിൽ കേരള കാൻസർ കെയർ സൊസൈറ്റിയുടെ അംഗീകാരം ആവശ്യമാണ്.

പാലിയം ഇന്ത്യയുടെ സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ

34 (2585) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടന സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത് ;

(ബി) തിരുവനന്തപുരം പുലയനാർകോട്ട ആശുപത്രി കാമ്പസിൽ സാന്ത്വന ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിന് പാലിയം-ഇന്ത്യ എന്ന സംഘടന സ്ഥല സൗകര്യം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻപറഞ്ഞ അപേക്ഷപ്രകാരം പൂലയനാർകോട്ടയിൽ സാന്ത്വന ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രസ്തുത സന്നദ്ധ സംഘടനയ്ക്ക് അനുവാദം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ സാന്ത്വന ക്ലിനിക് പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ നിയമം

35 (2586) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിലവിൽ ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ഫുഡ് സേഫ്റ്റി ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ എത്ര ജീവനക്കാരുടെ കുറവുണ്ടെന്നുള്ള തസ്തിക തിരിച്ചുള്ള വിവരം അറിയിക്കുമോ ;

(ഡി) ആഹാരപദാർത്ഥങ്ങളുടെ പരിശോധനക്കായി നിലവിലുള്ള ലാബുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ ;

(ഇ) കൂടുതൽ ലാബുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ട പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly